പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 3570 26.06.2012-ൽ മറുപടിയ്ക്ക്

# വൈദ്യുതി ഉപഭോക്താക്കൾക്കായി വെബ്സൈറ്റ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി. ഡി. സതീശൻ :<br>ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :<br>ശ്രീ. പി. സി. വിഷ്ണുനാഥ് :<br>ശ്രീ. പാലോട് രവി : | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി) |
| (എ) വൈദ്യുതി ഉപഭോക്താക്കൾക്ക് പരാതി നൽകുന്നതിനായി വെബ്സൈറ്റ് പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) ഉണ്ട്. കെ. എസ്. ഇ. ബിയുടെ ഔദ്യോഗിക വെബ്സൈറ്റായ www.kseb.in മുഖേന വൈദ്യുതി ഉപഭോക്താക്കൾക്ക് പരാതികൾ രജിസ്റ്റർ ചെയ്യുന്നതിനുള്ള സൗകര്യം ലഭ്യമാണ്. ഇപ്രകാരം രജിസ്റ്റർ ചെയ്യുന്ന പരാതികൾ കെ. എസ്. ഇ.ബി ചെയർമാൻെറ ഓഫീസിൽ പരിശോധിച്ച് പരാതി പരിഹരിക്കുന്നതിനുള്ള മേൽ നടപടികൾക്കായി ബന്ധപ്പെട്ട ഫീൽഡ് ഓഫീസുകളിലേക്ക് അയച്ചുകൊടുക്കുന്നതാണ്.<br>ഇതു കൂടാതെ മുഖ്യമന്ത്രിയുടെ പരാതി പരിഹാര സെൽ വെബ്സൈറ്റ് മുഖേനയും വൈദ്യുതി ഉപഭോക്താക്കൾക്ക് പരാതികൾ നൽകാവുന്നതാണ്. ഇവയും പരാതി പരിഹരിക്കുന്ന നടപടികൾക്കായി ബന്ധപ്പെട്ട ഫീൽഡ് ഓഫീസുകളിലേക്ക് അയച്ചുകൊടുക്കുന്നതാണ്. |
| (ബി) വെബ്സൈറ്റ് മുഖേന ഉപഭോക്താക്കൾക്ക് ലഭിക്കുന്ന സേവനങ്ങൾ എന്തെല്ലാമാണ്; | (ബി) വൈദ്യുതി ഉപഭോക്താക്കൾക്ക് പരാതികൾ രജിസ്റ്റർ ചെയ്യുന്നതിനുള്ള സൗകര്യം, തെരഞ്ഞെടുക്കപ്പെട്ട സെക്ഷനുകളിലെ വൈദ്യുതി ഉപഭോക്താക്കൾക്ക് അവരുടെ ബിൽ കാണുന്നതിനും പ്രിൻറ് എടുക്കുന്നതിനുമുള്ള സൗകര്യം എന്നിവ കെ. എസ്. ഇ. ബിയുടെ ഔദ്യോഗിക വെബ്സെറ്റായ www.kseb.in മുഖേന ലഭ്യമാണ്. കൂടാതെ പുതിയ വൈദ്യുതി കണക്ഷൻ എടുക്കുക, ഉടമസ്ഥാവകാശം മാറ്റുക, മീറ്റർ മാറ്റുക എന്നിവയെക്കുറിച്ചുള്ള നടപടിക്രമങ്ങളും ബില്ലിനെക്കുറിച്ചുള്ള വിവരങ്ങളും, കെ. എസ്. ഇ. ബിയുടെ എല്ലാ ഓഫീസുകളുടെയും മേൽവിലാസങ്ങൾ എന്നിവയും വെബ്സൈറ്റിൽ ലഭ്യമാണ്. എച്ച്.റ്റി/ഇ.എച്ച്.റ്റി ഉപഭോക്താക്ക ളുടെ വൈദ്യുതി ബിൽ തുക ഓൺ ലൈൻ സംവിധാനം വഴി |

സ്വീകരിക്കുന്നതിനുള്ള സംവിധാനവും വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) വെബ്സൈറ്റ് മുഖേന ലഭിക്കുന്ന പരാതികൾ സമയബന്ധിതമായി തീർപ്പ് കല്പിക്കുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് വൈദ്യുതി ബോർഡ് ഒരുക്കിയിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ?

(സി) കെ. എസ്. ഇ. ബിയുടെ ഔദ്യോഗിക വെബ്സൈറ്റ് മുഖേന രജിസ്റ്റർ ചെയ്യുന്ന പരാതികൾ കെ. എസ്. ഇ. ബി ചെയർമാന്റെ ഓഫീസിൽ നിന്നും പരിശോധിച്ച് പരാതി പരിഹരിക്കുന്നതിനുള്ള മേൽ നടപടികൾക്കായി ബന്ധപ്പെട്ട ഫീൽഡ് ഓഫീസുകളിലേക്ക് അയച്ചുകൊടുക്കുന്നുണ്ട്. മുഖ്യമന്ത്രിയുടെ പരാതി പരിഹാര സെൽ വെബ്സൈറ്റ് മുഖേന രജിസ്റ്റർ ചെയ്യുന്ന പരാതികളും നടപടികൾക്കായി ബന്ധപ്പെട്ട ഫീൽഡ് ഓഫീസുകളിലേക്ക് അയച്ചു കൊടുക്കുന്നുണ്ട്.

**സെക്ഷൻ ഓഫീസർ.**